ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/7441/2024-C2 (ACA** തീയതി: 25-10-2024

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതികം-വിദ്യാഭ്യാസം - സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം- അക്കാദമിക് സെക്ഷൻ - വയനാട് - മുണ്ടക്കൈ പ്രകൃതിദുരന്തം - NSS ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങൾ- സംബന്ധിച്ച്.

സൂചന :- 27.09.2024 തീയതിയിലെ സർക്കാർ കത്ത് നമ്പർ:എ1/185/2024 എച്ച്ഇഡിഎൻ

വയനാട്, മുണ്ടക്കൈ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് നാഷണൽ സർവീസ് സ്കീം 150 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതി പൂർത്തികരിക്കുന്നതിനായി ഈ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും എൻ.എസ്എ.സ് യൂണിറ്റുകളുടെ സഹായ സഹകരണങ്ങൾ ഉറപ്പാക്കുന്നതിനായി സൂചന പ്രകാരം സർക്കാർ നിർദേശം നല്കിയിരിക്കുന്നു. ആയത് പ്രകാരം ഈ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികളും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

Seema K N
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**Signed by Seema K N**
**Date: 25-10-2024 06:49:50**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

നമ്പർ.എ1/185/2024- എച്ച്.ഇ.ഡി.എൻ

27-09-2024,തിരുവനന്തപുരം

OFFICE OF THE DIRECTOR OF TECHNICAL EDUCATION
1 OCT 2024
THIRUVANANTHAPURAM-33

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം.

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം.

രജിസ്ട്രാർ, കേരള സർവകലാശാല, തിരുവനന്തപുരം.

രജിസ്ട്രാർ, എം.ജി. സർവകലാശാല, കോട്ടയം.

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി,എറണാകുളം.

രജിസ്ട്രാർ, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി.

രജിസ്ട്രാർ, കാലിക്കറ്റ് സർവകലാശാല, മലപ്പുറം.

രജിസ്ട്രാർ, കണ്ണൂർ സർവകലാശാല,കണ്ണൂർ.

രജിസ്ട്രാർ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, വാക്കാട്, തിരൂർ മലപ്പുറം, പിൻ - 676 502.

രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി. പി.ഒ., കളമശ്ശേരി, എറണാകുളം.

രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല,സർവ്വകലാശാല മന്ദിരം, കുരിപ്പുഴ, കൊല്ലം.

പ്രിൻസിപ്പാൾ, ഗവ ലോ കോളേജ്, തിരുവനന്തപുരം/എറണാകുളം/ കോഴിക്കോട്.

ഡയറക്ടർ, IHRD തിരുവനന്തപുരം.

ഡയറക്ടർ, LBS തിരുവനന്തപുരം

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് -വയനാട് പ്രകൃതി ദുരന്തം- എൻ.എസ്.എസ്-ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങൾ - സംബന്ധിച്ച്.

സൂചന:- സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസറിന്റെ 06.08.2024- ലെ എ3/643/2024-

എൻ.എസ്.എസ് നം. കത്ത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വയനാട്, മുണ്ടക്കൈ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് നാഷണൽ സർവ്വീസ് സ്കീം 150 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി പൂർത്തീകരിക്കാനായി താങ്കളുടെ വകുപ്പിന്/സർവകലാശാലയുടെ കീഴിലുള്ള എല്ലാ എൻ.എസ്.എസ് യൂണിറ്റുകളുടെയും സഹായ സഹകരണങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മേൽ നിർദേശത്തിനു ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

വിശ്വസ്തതയോടെ,
സംഗീത എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Omkumar H S
സെക്ഷൻ ഓഫീസർ
Date: 27-09-2024 16:34:26

13844/Hedu1 (...) H.Edn & ... /2024.

GOVERNMENT OF KERALA . കേരള സർക്കാർ

NATIONAL SERVICE SCHEME
OFFICE OF THE NSS STATE OFFICER
STATE LEVEL NSS CELL
Fourth Floor, Vikas Bhavan, Thiruvananthapuram 695033

നാഷണൽ സർവീസ് സ്കീം
സംസ്ഥാന ഓഫീസറുടെ കാര്യാലയം
സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ് സെൽ
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം 695033

Dr ANZER R N
NSS STATE OFFICER

Email: keralansscell@gmail.com
Phone: 0471-2308687, 9447304366

No:A3/643/2024/NSS

തീയതി. 06/08/2024

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ
അടിയന്തിരമായി പരിശോധിക്കുക

സ്വീകർത്താവ്

ബഹു.പ്രൈവറ്റ് സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി

ഡോ. ആർ. ബിന്ദു
ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.

സർ,

വിഷയം: സംസ്ഥാന നാഷണൽ സർവ്വീസ് സ്കീം ഓഫീസ് - വയനാട് പ്രകൃതിദുരന്തത്തിൽപെട്ടവർക്കുള്ള ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച്

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് നാഷണൽ സർവ്വീസ് സ്കീം 150 വീടുകൾ നിർമ്മിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/ഡയറക്ടറേറ്റ് എൻ.എസ്.എസ് സെല്ലുകൾക്ക് ഭവനനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ രജിസ്ട്രാർ/ഡയറക്ടർമാർ വഴി ഒരു നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. കത്തിന്റെ കരട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

സംസ്ഥാന എൻ.എസ്.എസ് ഓഫീസർ

സംസ്ഥാന എൻ എസ് എസ് ഓഫീസർ
സംസ്ഥാന എൻ എസ് എസ് ഓഫീസ്
4-ാം നില, വികാസ്ഭവൻ
തിരുവനന്തപുരം
കേരള സർക്കാർ

## വയനാട് പ്രകൃതി ദുരന്തത്തിൽപെട്ടവർക്കുള്ള ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ കേരള മനസ്സിൽ ഒരിക്കലുമുണങ്ങാത്ത മുറിവായി നോവായി മാറി . എല്ലാം നഷ്ടപ്പെട്ട് നില്ക്കുന്ന അവിടുത്തെ പ്രിയപ്പെട്ട ജനങ്ങളെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തേണ്ട പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ഇനി നാം അടിയന്തിരമായി ഒത്തൊരുമിച്ച് പ്രയത്നിക്കാനുള്ളത്.

ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ടീച്ചറിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന എൻ.എസ്.എസിന് കീഴിലുള്ള എല്ലാ സെല്ലുകളിലെയും സംസ്ഥാന ജില്ലാതല പ്രോഗ്രാം കോർഡിനേറ്റർമാരെയും വിളിച്ച് ചേർത്ത വിശേഷ യോഗത്തിൽ വയനാട്ടിൽ എൻ.എസ്.എസ് കൈകൊള്ളേണ്ട പുനരധിവാസ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ആ തീരുമാനങ്ങൾ പത്രസമ്മേളനത്തിലൂടെ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രധാന തീരുമാനങ്ങൾ താകളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. 150 ഭവനങ്ങളുടെ നിർമ്മാണ പദ്ധതി
2. ജില്ലാ ഭരണകൂടം ആവശ്യപ്പെടുമ്പോൾ ക്ലീനിങ്, അവശ്യ സാധനങ്ങൾ നൽകുക, മറ്റ് സന്നദ്ധ സേവനങ്ങൾ നൽകുക
3. പഠനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് പഠന കിറ്റുകൾ നൽകുന്ന ബാക്ക് ടു സ്കൂൾ, ബാക്ക് ടു കോളേജ്
4. മാനസിക- ആരോഗ്യ പരിരക്ഷയും പിന്തുണയും വേണ്ടവർക്ക് കൗൺസിലിങ്,

വൈദ്യസഹായ പദ്ധതി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഗ്രാമമൊന്നാകെ കുത്തിയൊലിച്ചുപോയ ഒരു ജനതയുടെ പുനരധിവാസത്തിനായി സർക്കാർ വിഭാവനം ചെയ്യുന്ന പ്രത്യേക ടൗൺഷിപ്പിൽ 150 വീടുകൾ സംസ്ഥാനത്തെ എൻ.എസ്.എസ് നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. എല്ലാ വർഷവും കേരളമൊട്ടാകെ 300 ഓളം വീടുകൾ അർഹതയുള്ള ഭവനരഹിതർക്കായി വിവിധ യൂണിറ്റുകൾ നിർമ്മിച്ചു നൽകിവരുന്നുണ്ട്. അതുകൊണ്ട് തന്നെ 150 വീടുകൾ എന്ന ലക്ഷ്യം വലുതാണെങ്കിലും സുസാധ്യമാണ്. 150 വീടുകളുടെയും നിർമ്മാണം ഒരേ സമയം തുടങ്ങി സമയബന്ധിതമായി പൂർത്തിയാക്കാനുമുണ്ട്.

വീടുകളുടെ നിർമ്മാണത്തിന് വലിയ തോതിലുള്ള ധനസമാഹരണവും വിഭവസമാഹരണവും വേണ്ടിവരും. ഓരോ എൻ.എസ്.എസ് യൂണിറ്റുകളും ഒട്ടും ഉപേക്ഷ വിചാരിക്കാതെ വേണ്ട മുന്നൊരുക്കങ്ങൾ ഉടനെ തന്നെ ആരംഭിക്കേണ്ടതാണ്. സമാഹരിക്കുന്ന തുകകൾ യൂണിറ്റ് തലത്തിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട എൻ.എസ്.എസ്. സെല്ലുകൾ വഴി സംസ്ഥാന എൻ.എസ്.എസ് ഓഫീസിലൂടെയാണ് (സർക്കാർ നിർദ്ദേശിക്കുന്ന നിബന്ധനകൾ പാലിച്ച് അംഗീകൃത ഏജൻസിയെ കൊണ്ട്)ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ ഈ മഹത്തായ പദ്ധതി പൂർത്തീകരിക്കാൻ എല്ലാവിധ സഹായസഹകരണങ്ങൾ നൽകണമെന്നും യൂണിവേഴ്സിറ്റിയിലെ / ഡയറക്ടറേറ്റിലെ എല്ലാ എൻ.എസ്.എസ് യൂണിറ്റുകളോടും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്കും ഈ ഭവനനിർമ്മാണ പദ്ധതിയിൽ കാര്യക്ഷമമായി ഇടപെടാൻ നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. നമ്മൾ ഒത്തു പിടിച്ചാൽ ഒരു ജനതയൊന്നാകെ ജീവിതത്തിലേക്ക് കയറിവരും

നമുക്കേവർക്കും ഉണർവ്വോടെ ഒരുങ്ങാം.

മനസ്സ് നന്നാവട്ടെ